പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 166

17.3.2015-ലെ മറുപടിക്ക്

## ചെറിയ കുറ്റങ്ങൾക്ക് വിധേയരായവരെ നിരീക്ഷിക്കാൻ നിയമ സംവിധാനം


ചോദ്യം

ശ്രീ.റോഷി അഗസ്റ്റിൻ

ശ്രീ.പി.സി.ജോർജ്ജ്

ഡോ.എൻ.ജയരാജ്

ശ്രീ.എം.വി.ശ്രേയാംസ് കുമാർ

മറുപടി

ശ്രീ.രമേശ് ചെന്നിത്തല

(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)


| | | |
|---|---|---|
| എ) ചെറിയ കാലയളവിലേക്ക് ശിക്ഷിക്കപ്പെടാൻ സാധ്യതയുള്ളവരേയും യുവകുറ്റവാളികളെയും തടവ് ശിക്ഷയ്ക്ക് വിധേയരാക്കുമ്പോൾ ജയിലിൽ ഇവർ കൊട്ടുംകുറ്റവാളികളുമായി ഇടപഴകാനുള്ള സാധ്യത എത്രത്തോളമുണ്ടെന്ന് അറിയിക്കാമോ;<br><br>ബി) ഇപ്രകാരം ചെറിയ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവരും യുവകുറ്റവാളികളും കൊട്ടുംകുറ്റവാളികളോട് ചങ്ങാത്തത്തിലാകുന്നത് തടയാൻ എന്തു ക്രമീകരണമാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളത്; ഇത് ഫലപ്രദമാണോ; | (എ) യും (ബി) യും | ചെറിയ കാലയളവിലേക്ക് ശിക്ഷിക്കപ്പെടാൻ സാധ്യതയുള്ളവരേയും യുവകുറ്റവാളികളേയും ജയിലുകളിൽ കൊട്ടുംകുറ്റവാളികളിൽനിന്നും സ്ഥിരം കുറ്റവാളികളിൽനിന്നും മാറ്റി പാർപ്പിക്കുന്നതിന് പരമാവധി ശ്രദ്ധിച്ചുവരുന്നുണ്ട്. 18 വയസ്സിനും 21 വയസ്സിനും ഇടയിലുള്ള കുറ്റവാളികളെ ജയിൽ വകുപ്പിന് കീഴിലുള്ള ബോർസ്റ്റൽ സ്കൂളിലാണ് പാർപ്പിക്കുന്നത്. ജയിലുകളിലെ പാർപ്പിടശേഷിയേക്കാൾ അധികം തടവുകാർ ഭൂരിഭാഗം ജയിലുകളിലും ഉള്ളതിനാൽ തടവുകാരെ തരം തിരിച്ച് പാർപ്പിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയായിവരുന്ന ജയിലുകൾ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് മാത്രമേ യുവകുറ്റവാളികളേയും ചെറിയ കാലയളവിലേയ്ക്ക് ശിക്ഷിക്കപ്പെടാൻ സാധ്യതയുള്ളവരേയും കൊട്ടുംകുറ്റവാളികളിൽനിന്നും വേർതിരിച്ച് പാർപ്പിക്കുന്നതിന് പൂർണ്ണമായും സാധിക്കുകയുള്ളൂ. |
| സി) ചെറിയ കുറ്റങ്ങൾക്ക് വിധേയരായവരെയും മറ്റും സമൂഹത്തിൽ തന്നെ നിരീക്ഷിക്കുന്നതിനുള്ള നിയമ സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ നല്കാമോ; | സി) | പ്രൊബേഷൻ ഓഫ് ഓഫൻഡേഴ്സ് ആക്ട് 1958 പ്രകാരം ഗുരുതരമല്ലാത്ത കുറ്റകൃത്യങ്ങളിലേർപ്പെട്ട യുവകുറ്റവാളികളുടെ മുൻകാല ചരിത്രം, കുറ്റകൃത്യത്തിന്റെ സ്വഭാവം, കുറ്റവാളിയുടെ പ്രകൃതം ഇവ പരിഗണിച്ച് തടവ് ശിക്ഷ ഉപാധികളോടെ ഒഴിവാക്കി പ്രൊബേഷൻ ഓഫീസറുടെ |

| | | |
|---|---|---|
| | | നിരീക്ഷണത്തിൻ കീഴിൽ നല്ല നടപ്പിൽ വിടുന്നതിന് കോടതിക്ക് അധികാരമുണ്ട്. |
| ഡി) 1958-ലെ പ്രൊബേഷൻ ഓഫ് ഓഫൻഡേഴ്സ് ആക്ട് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) | ടി ആക്ട് പ്രകാരം ജയിൽ ശിക്ഷ ഒഴിവാക്കി നിരീക്ഷിക്കുന്നതിനും അവരെ സമൂഹത്തിൽ പുനഃരധിവസിപ്പിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പിൽ 14 ജില്ലകളിലും പ്രൊബേഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. പ്രൊബേഷൻ സംവിധാനം കൂടുതൽ ഫലപ്രദമാക്കുന്നതിനായി 'നേർവഴി' എന്ന പേരിൽ ഒരു പുതിയ പദ്ധതി സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ